പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:834 28.09.2011- ലെ മറുപടി

തൃശ്ശൂർ - ഗോവിന്ദപുരം ചെയിൻ സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലേക്ക് ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് കെ.എസ്.ആർ. ടി.സി ചെയിൻ സർവ്വീസ് നട ത്തുന്നത്; | (എ) | പാലക്കാട് - തൃശ്ശൂർ, പാലക്കാട് - കോഴിക്കോട് റൂട്ടുകളിലാണ് പ്രധാനമായും പാലക്കാട് ജില്ലയിലേക്കുള്ള ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത്. പാലക്കാട് - കോഴിക്കോട് റൂട്ടിൽ കോഴിക്കോട്, മലപ്പുറം, പെരിന്തൽമണ്ണ, മണ്ണാർക്കാട്, ചിറ്റൂർ, പാലക്കാട് എന്നീ യൂണിറ്റുകളിൽ നിന്നും തൃശ്ശൂർ - പാലക്കാട് റൂട്ടിൽ തൃശ്ശൂർ, വടക്കാഞ്ചേരി, പാലക്കാട് എന്നീ യൂണിറ്റുകളിൽ നിന്നുമാണ് പാലക്കാട് ജില്ലയിലേക്ക് ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ബി) | അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ പളനി പൊള്ളാച്ചി എന്നീ സ്ഥലങ്ങ ളിലേക്ക് തൃശ്ശൂരിൽ നിന്നും പാലക്കാട് നിന്നും ധാരാളം യാത്രക്കാർ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത വിഷയം കണക്കി ലെടുത്ത് തൃശൂർ-ഗോവിന്ദ പുരം കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി | വടക്കാഞ്ചേരി യൂണിറ്റിൽ നിന്നും തൃശ്ശൂർ - ഗോവിന്ദപുരം റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിലേക്കായി 10 ഷെഡ്യൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുവാദം നൽകിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ